**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1711** **08-10-2021 - ൽ മറുപടിയ്ക്ക്**

**ആശ്വാസ കിരണം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ | | **Dr. R. Bindu**<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ആശ്വാസ കിരണം പദ്ധതി പ്രകാരം നൽകിവരുന്ന ധനസഹായം പുനലൂർ മണ്ഡലത്തിൽ കുടിശ്ശിക ഇല്ലാതെ നൽകിയിട്ടുണ്ടോ; | (എ) | (എ)പദ്ധതിയുടെ നടത്തിപ്പിനായി ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ധനസഹായം നൽകി വരുന്നുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം പുനലൂർ മണ്ഡലത്തിൽ നിലവിലുള്ള ഗുണഭോക്താക്കൾക്ക് 2020 മെയ് മാസം വരെയുള്ള കുടിശ്ശിക ധനസഹായം 2021 ആഗസ്റ്റ് മാസത്തിൽ വിതരണം ചെയ്തിട്ടുണ്ട്. |
| (ബി) | ആശ്വാസ കിരണം പദ്ധതി പ്രകാരം മണ്ഡലത്തിൽ നിന്നും നൽകിയ പുതിയ അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ടോ; ടി അപേക്ഷയിൽമേൽ സഹായം അനുവദിച്ചിട്ടുണ്ടോ; | (ബി) | (ബി) ടി പദ്ധതിയിലെ അപേക്ഷകളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുകയും ബഡ്ജറ്റ് വിഹിതത്തിനെക്കാൾ കൂടുതൽ തുക പദ്ധതിക്ക് ആവശ്യമായി വരുന്ന സാഹചര്യം സംജാതമാകുകയും ചെയ്തതിനാൽ ആശ്വാസ കിരണം പദ്ധതി പ്രകാരം 2018മാർച്ച് മാസം വരെ ലഭിച്ച അപേക്ഷകളിന്മേലാണ് തീർപ്പ് കൽപ്പിച്ചിട്ടുള്ളത്. അപേക്ഷകളുടെ എണ്ണം വർഷം തോറും ക്രമാതീതമായി വർദ്ധിക്കുന്നതിന് ആനുപാതികമായി ഫണ്ട് ലഭ്യമാക്കാൻ നടപടികൾ കൈകൊണ്ടുവരുന്നു. |
| (സി) | കുടിശ്ശികതുക പൂർണമായും നൽകി ഭിന്നശേഷിക്കാരും മാനസിക വെല്ലുവിളി നേരിടുന്നവരുൾപ്പെടെയുള്ളവരുടെ പ്രശ്നങ്ങൾ അടിയന്തിരമായി പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | (സി)അപേക്ഷകളുടെ എണ്ണം വർഷം തോറും വളരെ കൂടി വരുന്നതിനാൽ ബഡ്ജറ്റ് വിഹിതത്തിനുപുറമെ അധികധനവിനിയോഗം മുഖേന അധിക തുക ലഭ്യമാക്കുന്നതിനായി നടപടി സ്വീകരിച്ചുവരുന്നു. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് നിലവിലെ ഗുണഭോക്താക്കൾക്കുള്ള കുടിശ്ശിക സഹിതം ധനസഹായം വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ